


# സഭ പ്രേഷിത സമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

10

# പാഠം 6

# വചനാനുസൃതം ജീവിച്ചവർ



# മറിയം നൽകിയ മാതൃക



# മറിയം നൽകിയ മാതൃക

ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണ്ണതയിൽ ജീവിച്ച വ്യക്തിയാണു പരി. കന്യകാമറിയം.

"ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ"



# വചനത്തിന് സാക്ഷ്യം നൽകിയവർ

ആദിമുതലുണ്ടായിരുന്നതും തങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ച് വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ശ്ലീഹന്മാർ പ്രഘോഷിച്ചു (1 യോഹ. 1:1).

ദൈവവചന പ്രഘോഷണത്തിലൂടെ സഭാ സമൂഹങ്ങൾക്ക് അവർ രൂപം നൽകി. ദൈവവചനത്തിനു ശരിയായ വ്യാഖ്യാനങ്ങൾ നൽകിയും ആധികാരിക പഠനങ്ങൾ നൽകിയും സഭാപിതാക്കന്മാർ ദൈവജനത്തെ വചനാനുസൃതം ജീവിക്കാൻ സഹായിച്ചു.

# വിശുദ്ധാത്മാക്കളുടെ ജീവിതം






# വിശുദ്ധാത്മാക്കളുടെ ജീവിതം

വിശുദ്ധരുടെ സമൂഹമാണ് സഭ. ദൈവവചനം സ്വീകരിച്ച് വീരോചിതമായി ജീവിച്ചവരാണ് വിശുദ്ധർ. ദൈവവചനത്തിന്റെ പാതയിൽ ധീരമായി മുന്നേറാൻ വിശുദ്ധരുടെ ജീവിതം സഭാമക്കൾക്കു പ്രചോദനമേകുന്നു.

1. വി. അന്തോണീസ്
2. വി. ഫ്രാൻസീസ് അസ്സീസി
3. വി. ബനഡിക്ട്,
4. വി. അഗസ്തിനോസ്
5. വി. ഫ്രാൻസിസ് സേവ്യർ

(ഭാരതത്തിന്റെ രാമത്തെ അപ്പസ്തോലൻ)

## ദൈവവചനമനുസരിച്ചു ജീവിച്ചു ധന്യരായിത്തീർന്ന അനേകം വിശുദ്ധാത്മാക്കൾ സഭയിലുണ്ട്.

വി. ക്ലാര

വി. തോമസ് അക്വിനാസ്

വി. കൊച്ചുത്രേസ്യ

വി. ജോൺ മരിയ വിയാനി

വി. ഡോൺബോസ്കോ

വി. പത്താം പീയൂസ്


വി. മരിയ ഗൊരേത്തി













ഭാരതത്തിൽനിന്ന് വി.അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട ചാവറയച്ചൻ,. മറിയം ത്രേസ്യാമ്മ, ഏവുപ്രാസ്യാമ്മ, തേവർപറമ്പിൽ കുഞ്ഞച്ചൻ, മദർ തെരേസ എന്നിവരും വചനാനുസൃത ജീവിതത്തിലൂടെ വിശുദ്ധി പ്രാപിച്ചവരാണ്.

# അജപാലകർ

കൂദാശകളുടെ ബലികർമ്മത്തിലൂടെയും, ദൈവവചനപ്രബോധനങ്ങളിലൂടെയും അജപാലന ശുശ്രൂഷകളിലൂടെയും സഭാമക്കളെ വിശുദ്ധിയിൽ വളർത്താൻ നിയോഗിക്കപ്പെട്ടവരാണ് അജപാലകരായ മെത്രാന്മാരും വൈദികരും.




# സമർപ്പിതർ

പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ സുവിശേഷ മൂല്യങ്ങൾ പ്രത്യേകമാംവിധം അനുഷ്ഠിക്കാൻ വ്രതമെടുത്തവരാണ് സമർപ്പിതർ. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ഈശോയെ അനുകരിക്കുക.



# അൽമായ പ്രേഷിതർ

മാമ്മോദീസായിലൂടെ സംജാതമാകുന്ന മിശിഹായുമായുള്ള ഐക്യത്തിൽനിന്നാണ് അൽമായർക്കും പ്രേഷിത ജോലിക്കുള്ള കടമയും അവകാശവും ഉത്ഭവിക്കുന്നത്. എല്ലാ പ്രവർത്തികളും വഴി ആത്മീയ ബലികളർപ്പിക്കുവാനും ലോകമെങ്ങും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും വേണ്ടി വിളിക്കപ്പെട്ടവരാണവർ.



Bl. Frederick Ozanam

# ജീവകാരുണ്യ പ്രവർത്തകർ

**ദൈവവചനത്തിന്റെ കാതൽ സ്നേഹം തന്നെയാണ്. വചനം തന്നെയായ തന്റെ ഏകജാതനെ ലോകത്തിലേക്കയക്കാൻ പിതാവായ ദൈവത്തെ പ്രേരിപ്പിച്ചത് അവിടുത്തെ സ്നേഹമാണ്. (യോഹ. 3:16)**



ദൈവവചനം വായിക്കുകയും ധ്യാനിക്കുയും അതനുസരിച്ച് ജീവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ സ്വാഭാവികമായും ജീവകാരുണ്യ പ്രവർത്തികളിൽ മുഴുകും.

അനാഥരെയും വിധവകളേയും സംരക്ഷിച്ചും, ശാരീരികവും മാനസികവുമായ പീഢനകൾ അനുഭവിക്കുന്നവരെ സഹായിച്ചും സഭ ചെയ്യുന്ന സേവനങ്ങൾ ദൈവവചനത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളാണ്.

# വി. മരിയഗൊരേത്തി



# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

**(മർക്കോ. 3:31-35)**



# ഓർമ്മിക്കാൻ ഒരു തിരുവചനം

ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു
പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്
എന്റെ അമ്മയും സഹോദരരും
(ലൂക്കാ. 8:21).

# നമുക്കു പ്രാർത്ഥിക്കാം

ഈശോനാഥാ, കർമ്മനിരതമായ ജീവിതത്തിലൂടെ വിശുദ്ധി പ്രാപിച്ചവരെപ്പോലെ അദ്ധ്വാനപൂർണമായ ജീവിതത്തിലൂടെ വിശുദ്ധി നേടാൻ ഞങ്ങളെയും സഹായിക്കണമേ.

# എന്റെ തീരുമാനം

**ദൈവവചനം അനുസരിച്ചു ജീവിച്ചുകൊ് വിശുദ്ധിയിൽ വളരാൻ ഞാൻ നിരന്തരം പരിശ്രമിക്കും.**

# സഭാപിതാക്കന്മാർ പറയുന്നത്

ഏതു ജീവിതാന്തസ്സിലും പരിതഃസ്ഥിതികളിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവജീവിതത്തിന്റെ പൂർണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിശുദ്ധി സമൂഹത്തിൽ കൂടുതൽ മനുഷ്യോചിതമായി ജീവിക്കാൻ പ്രോത്സാഹനം നൽകുന്നു. പിതാവിന്റെ ഇഷ്ടം എല്ലാ സംഗതികളിലും അന്വേഷിച്ചുകൊണ്ടും തങ്ങളെ മുഴുവനായും ദൈവമഹത്വത്തിനും അയല്ക്കാരുടെ സേവനത്തിനുമായി കാലടികളെ പിൻചെല്ലണം (ഘഏ 24).

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണത യിൽ ജീവിച്ച വ്യക്തിയാണു പരിശുദ്ധ  മറിയം.



* ദൈവവചന പ്രഘോഷണത്തിലൂടെ സഭാസമൂഹ ങ്ങൾക്കു രൂപം നൽകിയും  വചനത്തിനു സാക്ഷികളാകാൻ ജീവൻവെടിഞ്ഞും ശ്ലീഹന്മാർ വിശുദ്ധരായി.

* വചനം സ്വീകരിച്ച് മാനസാന്തരത്തിലേയ്ക്കു കടന്നുവന്നവരും, മാതൃകയിലൂടെയും പ്രഘോഷണങ്ങളിലൂടെയും വചനത്തിനു സാക്ഷ്യംവഹിച്ചു വിശുദ്ധരായവരുമായ സഭാമക്കളുടെ ഒരു നീണ്ട നിരതന്നെ നമുക്കുണ്ട്.

* അജപാലകരായ മെത്രാന്മാരും വൈദികരും കൂദാശകളുടെ പരികർമ്മത്തിലൂടെയും ദൈവവചനപ്രഘോഷണങ്ങളിലൂടെയും സഭാമക്കളെ വിശുദ്ധിയിൽ വളർത്താൻ നിയോഗിക്കപ്പെട്ടവരാണ് .



* അനുസരണം, ബ്രഹ്മചര്യം ദാരിദ്ര്യം എന്നീ സുവിശേഷ മൂല്യങ്ങൾ പ്രത്യേകമാം വിധം അനുഷ്ഠിക്കാൻ വ്രതമെടുത്തവരാണു സമർപ്പിതർ.

* എല്ലാ പ്രവൃത്തികളും വഴി ആത്മീയ ബലികളർപ്പിക്കാനും ലോകമെങ്ങും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവവചനത്തിനു സാക്ഷ്യം വഹിക്കാൻ താൻ കടപ്പെട്ടിരിക്കുന്നു എന്ന ചിന്ത.

* വചനപ്രഘോഷണത്തിനുള്ള വേദികൾ ഉപയോഗപ്പെടുത്താനുള്ള ശ്രദ്ധ.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ദൈവവചനം പങ്കുവയ്ക്കാനും അതിനു സാക്ഷ്യം വഹിക്കാനും ലഭിക്കുന്ന വേദികൾ ശ്രദ്ധയോടെ പ്രയോജനപ്പെടുത്തുന്നു.

* ദൈവവചനപ്രഘോഷണത്തിന്റെ ശക്തമായ സാക്ഷ്യം തന്നെയാകുന്ന സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കുചേരുന്നു.




THANK
YOU